പ്ലാച്ചിമടയിലെ കൊക്കോകോള ഫാക്ടറിയുടെ പ്രവർത്തനം

20 [5576] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കോകോള ഫാക്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) കൊക്കോകോള ഫാക്ടറിയിൽ നിന്നും വിതരണം ചെയ്തിരുന്ന വളത്തിന്റെ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; അവയിൽ സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും ദോഷകരമായ പദാർത്ഥങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായം ആരംഭിക്കുവാൻ അപേക്ഷ സ്വീകരിക്കുമ്പോൾ അവർ ഉണ്ടാക്കുന്ന ഉല്പന്നത്തെക്കുറിച്ചും ഉണ്ടാക്കുന്ന മാലിന്യത്തെക്കുറിച്ചും പഠിച്ചിട്ടാണോ അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു വ്യവസായത്തിന്റെ പ്രവർത്തനം പ്രകൃതിക്കും ജനങ്ങൾക്കും ദോഷകരമാണെന്നു കണ്ടാൽ അതിനെതിരെ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ;

(ഇ) എങ്കിൽ കൊക്കോകോള കമ്പനിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പരാതി ലഭിച്ചിട്ടുണ്ട്. ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയവും ലെഡും കലർന്നിട്ടുള്ളതായി വാർത്ത ഉണ്ടായതിന്റെ വെളിച്ചത്തിൽ ഫാക്ടറിയിൽനിന്നുള്ള ഖരപാഴ്വസ്തു പുറത്ത് വിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളതായും ഇതുസംബന്ധിച്ച് വിശദമായ പഠനം ബോർഡ് നടത്തിവരുന്നതായും അറിയുന്നു.

(ബി) ഫാക്ടറിയിലെ ഖരപാഴ്വസ്തുവിൽ വൻതോതിൽ കാഡ്മിയവും ലെഡും കലർന്നിട്ടുള്ളതായി വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ബോർഡ് 29-7-2003-ൽ ഖരമാലിന്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി. പരിശോധനാ റിപ്പോർട്ട് പ്രകാരം കാഡ്മിയത്തിന്റെ അളവ് അനുവദനീയ പരിധിക്കുമുകളിലാണ്. ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, നിക്കൽ, ലെഡ്, ടോട്ടൽ ക്രോമിയം എന്നിവയുടെ അളവ് കമ്പോസ്റ്റ് ആയി ഉപയോഗിക്കാൻ സ്വീകാര്യമായ പരിധിയിലും കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതെ.

(ഡി) പ്രകൃതിക്കും ജനങ്ങൾക്കും ദോഷകരമായ വ്യവസായങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ അനുമതി നൽകാറില്ല. പ്രകൃതിക്കും ജനങ്ങൾക്കും ദോഷകരമായി പ്രവർത്തിക്കുകയാണെന്ന് ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത വ്യവസായത്തിനെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കും.

(ഇ) ബന്ധപ്പെട്ട പഞ്ചായത്ത് പ്രസ്തുത കമ്പനിയുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതായി അറിയുന്നു. കൂടാതെ ഫാക്ടറിയിൽ നിന്നുള്ള ഖരപാഴ്വസ്തു പുറത്തുവിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതായും വിശദമായ പഠനം നടത്തിയതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയുന്നു.

വി.എസ്.എസ്.സി.-യുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ നടപടി

21 [5577] ശ്രീ. വർക്കല കഹാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എ. കെ. മണി:
,, സി. പി. മുഹമ്മദ്:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. എസ്. എസ്. സി.-യുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ കെൽട്രോണിന് പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കെൽട്രോണിന് എന്തെല്ലാം ഉത്തരവാദിത്വമുണ്ട്;

(സി) ഈ പദ്ധതി കെൽട്രോണിന്റെ ബാദ്ധ്യതകൾ സാരമായി കുറയ്ക്കുവാൻ സഹായകമാകുമോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി മൂലം കെൽട്രോണിന് എന്ത് വരവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെൽട്രോണും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് 'കെൽട്രാക്ക്' എന്ന പുതിയ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. വി. എസ്. എസ്. സി.-യുടെ ചില മെഷീനുകൾ പ്രസ്തുത കെൽട്രാക്കിനു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ടൂർറും ട്രെയിനിംഗ് നൽകുവാൻ ഈ മെഷീനുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly